# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 314**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരേ,

ആരാധനകളെ ഭക്തിനിർഭരമാക്കുന്നതിൽ ഗാനങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ട്. സംഗീതപുഷ്ടമായ നമ്മുടെ ആരാധന മനോഹരമാക്കുന്നതിൽ ഗായകസംഘം പ്രധാന പങ്കു വഹിക്കുന്നു. മെയ് മാസം 27-ാം തീയതി ഞായറാഴ്ച ദിവ്യസംഗീത ഞായറായി ആചരിക്കുകയാണ്. നമ്മുടെ ഇടവകകളിലെ ഗായക സംഘത്തെയും അവരുടെ ശുശ്രൂഷകളെയും ഓർത്തു പ്രാർത്ഥിക്കുന്നതിനും ഗായകസംഘ അംഗങ്ങളുടെ സമർപ്പണത്തിനുമായി ഈ ദിനം വേർതിരിച്ചിരിക്കുന്നു. അന്നത്തെ സ്തോത്രകാഴ്ച ഡി.എസ്.എം.സിയ്ക്കായി വേർതിരിച്ചിരിക്കുന്നു.

1969 ലാണ് നമ്മുടെ സഭയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ് എന്ന സംഗീതവിഭാഗം ആരംഭിച്ചത്. ഇടവക തലത്തിൽ ഗായകസംഘത്തിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ചിട്ടയായി അഭ്യസനം നടത്തുന്നതിനും ശബ്ദപരിശോധനയിലൂടെ ഗായകസംഘത്തെ തിരഞ്ഞെടുക്കുന്നതിലും ഡി.എസ്.എം.സി വഹിക്കുന്ന പങ്കു ശ്ലാഹനീയമാണ്. ഒരുമിച്ചുള്ള നമ്മുടെ ഗാനാലാപനം നമ്മുടെ സാക്ഷ്യമാണ്. വ്യത്യസ്തമായ നമ്മുടെ ശബ്ദം ഒന്നായിതീരുന്ന അനുഭവമാണ് നമ്മുടെ ഗാനാലാപനം. ഒന്നുമില്ലായ്മയുടെ അനുഭവത്തിലും നമ്മുടെ തലമുറ ദൈവത്തെ പാടി സ്തുതിച്ച നല്ല പാരമ്പര്യം നാം മറക്കരുത്.

കഷ്ടതയിലും പാടുവാൻ നഷ്ടം അതിൽ കൊണ്ടാടുവാൻ
ശക്തി അരുൾക നാഥനെ ഭക്തിയിൽ പൂർണ്ണൻ ആക്കുക

എന്ന വരികൾ ഏതനുഭവത്തിലും നമുക്ക് പ്രത്യാശ നൽകുന്നു.

ഇടവക ഗായകസംഘങ്ങൾ ഡി.എസ്.എം.സി.യിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ഗായകസംഘങ്ങൾക്കു ഇടവക കൈസ്ഥാനസമിതിയിൽ പ്രാതിനിധ്യം ലഭിക്കുന്നതല്ല. അഞ്ചു വർഷത്തിലൊരിക്കൽ ഗായകസംഘം ഡി.എസ്.എം.സി. ഭരണഘടനാപ്രകാരം ശബ്ദപരിശോധന നടത്തിയിരിക്കണം. നിലവിലുള്ള അംഗങ്ങൾക്കും പുതിയതായി ഗായകസംഘത്തിൽ പ്രവേശിക്കാൻ താൽപര്യപ്പെടുന്നവർക്കും ഈ ശബ്ദപരിശോധന ബാധകമാണ്.

വിവാഹകൂദാശകളിൽ ഇടവകഗായകസംഘം പാടുന്നത് അഭികാമ്യമാണ്. പരസ്യാരാധനക്രമത്തിലെ ഗീതങ്ങളും ശുശ്രൂഷക്രമത്തിലെ ഗീതങ്ങളും സ്റ്റാഫ് നൊട്ടേഷനിൽ ലഭ്യമാണ്. ക്രിസ്തീയകീർത്തനങ്ങൾ മ്യൂസിക് എഡിഷൻ പുതിയ 77 പാട്ടുകൾ ഉൾപ്പെടുത്തിയ മൂന്നാം പതിപ്പ് ഉടൻ ലഭിക്കുന്നതാണ്. ഡി.എസ്. എം.സി പ്രസിദ്ധീകരിക്കുന്ന സി.ഡി.കൾ വാങ്ങി നമ്മുടെ സംഗീതവിഭാഗത്തെ പ്രോത്സാഹിപ്പിക്കുക.

ഡി.എസ്.എം.സി ഡയറക്ടർ ആയി കഴിഞ്ഞ 7 വർഷം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച റവ. ജോൺ മത്തായി സ്ഥലംമാറിയ ഒഴിവിൽ റവ. ആശിഷ് തോമസ് ജോർജ് മെയ്മാസം 1 മുതൽ ചാർജ് എടുത്തിരിക്കുന്നു.

ജീവിക്കുവാൻ ആയുസ്സും പാടുവാൻ ഗാനവും സ്വരമാധുര്യവും നൽകിയ ദൈവത്തെ ഗാനങ്ങളിലൂടെ കീർത്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ'.

കൃപ നിങ്ങളോടേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2018 മെയ്മാസം 1-ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

Jmmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്
# ദിവ്യസംഗീത ഞായർ - മെയ് 27, 2018
## ആരാധനാക്രമം
## (മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)

*"യഹോവയെ സ്തുതിപ്പിൻ നമ്മുടെ ദൈവത്തിന് കീർത്തനം പാടുന്നത് നല്ലത് ;*

*അത് മനോഹരവും സ്തുതി ഉചിതവും തന്നെ" (സങ്കീ. 147:1)*

**ഗീതം ക്രി.കി 21**

**കൗമ്മ**

**മഹത്വീകരണം**

സർവ്വചരാചരങ്ങളുടേയും സൃഷ്ടാവും പരിപാലകനുമായ പിതാവാം ദൈവമേ, അവർണ്ണനീയമായ അവിടുത്തെ സ്നേഹത്തിനായും പദ്ധതികൾക്കായും നിർണയങ്ങൾക്കായും ഞങ്ങൾ അങ്ങയുടെ നാമത്തെ മഹത്വീകരിക്കുന്നു. മനുഷ്യന് ദൈവീകശ്വാസത്തിന്റെ പകർച്ച നൽകി ഉണ്മയിലേയ്ക്ക് വരുത്തിയ നിന്റെ വലിമയ്ക്കു മുമ്പിൽ ഞങ്ങൾ വിനയപ്പെടുന്നു. ശബ്ദവും താളവും, നാദവും സർവ്വോപരി സംഗീതവും പ്രപഞ്ചത്തിന് ദാനം ചെയ്ത സംഗീതത്തിന്റെ ഉറവയായ ദൈവമേ, നീ എല്ലാ മഹത്വത്തിനും പുകഴ്ചയ്ക്കും യോഗ്യനാകുന്നു.

താളം പിഴച്ചുപോയ പ്രപഞ്ചത്തിന്റെ താളക്രമം വീണ്ടെടുക്കുവാൻ പിതാവിന്റെ ഹിതത്തെ കുരിശോളം ഏറ്റെടുത്ത പുത്രനാം തമ്പുരാനേ നിന്റെ സ്നേഹത്തിന്റെയും വീണ്ടെടുപ്പിന്റെയും ഈണത്തിനും ക്രമത്തിനും, സൗന്ദര്യത്തിനുമായി ഞങ്ങൾ മഹത്വം ഉയർത്തുന്നു. തിരുസ്നേഹത്തിന് പകരം വയ്ക്കുവാൻ ഒന്നുമില്ല എന്ന വിനയത്തിന്റേയും, സമർപ്പണത്തിന്റേയും പല്ലവികൾ ഞങ്ങൾ തിരുസന്നിധിയിൽ അർപ്പിക്കുന്നു. നിന്റെ കരുണയുടെ മഞ്ഞ് ഞങ്ങൾക്കുമേൽ നീ പൊഴിക്കേണമേ.

എല്ലാറ്റിനും ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും നിറവും സംഗീതവും സമ്മാനിക്കുന്ന പരിശുദ്ധാത്മാവാം തമ്പുരാനേ, എല്ലാ വൈവിദ്ധ്യങ്ങൾക്കും, വ്യത്യസ്തതകൾക്കും മീതെ തിരുസാന്നിദ്ധ്യത്തിന്റെ ആവസിപ്പുണ്ടെന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറഞ്ഞ് മഹത്വം അർപ്പിക്കുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവമേ നീ മഹത്വത്തിനും, പുകഴ്ചയ്ക്കും ആരാധനയ്ക്കും എന്നെന്നേയ്ക്കും യോഗ്യനായിരിക്കുന്നു.ആമ്മേൻ.

**അനുതാപ പ്രാർത്ഥന**

അനുതാപ പ്രാർത്ഥനകൾക്ക് പ്രതിവാക്യമായി *'ഞങ്ങളുടെ കുറവുകളെ ഞങ്ങളോട് കണക്കിടരുതേ'* എന്ന് പ്രാർത്ഥിക്കാം

1. ജീവിതത്തിൽ നീ തന്നിട്ടുള്ള താലന്തുകളും അവസരങ്ങളും അവഗണിച്ചു പോയിട്ടുള്ളതിനാൽ ദൈവമേ...
   പ്രതി : ഞങ്ങളുടെ....
2. ദൈവത്തെ മഹത്വപ്പെടുത്തുവാനും, സ്തുതിയ്ക്കുവാനും, ഏറ്റുപറയുവാനും, സാക്ഷീകരിക്കുവാനും ലഭിച്ചിട്ടുള്ള അവസരങ്ങൾ ഉപയോഗിക്കാതെ പോയതിനാൽ ദൈവമേ....
   പ്രതി : ഞങ്ങളുടെ....
3. ഞങ്ങൾ ചെയ്തതും ചെയ്യാൻ ആഗ്രഹിക്കുന്നതും ഒക്കെ ഞങ്ങളുടെ പേരിനും പ്രശസ്തിക്കും മഹത്വത്തിനുമായി ചെയ്യുവാൻ വ്യഗ്രത കാട്ടിയതിനാൽ ദൈവമേ...
   പ്രതി : ഞങ്ങളുടെ....
4. സഭയിലും സമൂഹത്തിലും വിവിധ ഉത്തരവാദിത്വങ്ങൾ ലഭിച്ചിട്ടും അലസത കൊണ്ടും അഹന്ത കൊണ്ടും, അജ്ഞതകൊണ്ടും ഞങ്ങളുടെ കാര്യവിചാരകദൗത്യം ഗൗരവമായി കാണാൻ കഴിയാതെ പോയത് ദൈവമേ.....
   പ്രതി : ഞങ്ങളുടെ....

**സ്തോത്രപ്രാർത്ഥന**

പട്ടക്കാരൻ : ഞങ്ങളുടെ കർത്താവും ദൈവമേ, അങ്ങയിൽ ഞങ്ങൾ ശരണം പ്രാപിക്കുന്നു. പറഞ്ഞു തീരാനാവാത്ത ദാനം നിമിത്തം നിനക്ക് ഞങ്ങൾ നന്ദികരേറ്റുന്നു.

പ്രതി : ദൈവമേ നീ എന്നേയ്ക്കും സ്തുതികൾക്ക് യോഗ്യനാകുന്നു.തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കണമേ...

പട്ടക്കാരൻ : സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പൂർണ്ണതയായ തമ്പുരാനേ നിന്നിൽ നിന്ന് ലഭിച്ചതല്ലാതെ ഒന്നും ഞങ്ങൾക്കില്ല എന്ന് നന്ദിയോടെ ഞങ്ങൾ ഏറ്റുപറയുന്നു.

പ്രതി : ദൈവമേ, സ്തോത്രമാകുന്ന യാഗങ്ങൾ നിരന്തരം സമർപ്പിക്കുന്നതിന് ഞങ്ങളെ സഹായിക്കേണമേ...

പട്ടക്കാരൻ : ഞങ്ങൾ അനുഭവിക്കുന്ന എല്ലാ നന്മകളും അനുഗ്രഹങ്ങളും നിന്റെ മഹാദയയാൽ ഞങ്ങൾക്ക് ലഭിച്ചതാണെന്ന ബോധ്യത്താൽ എന്നെന്നും ഞങ്ങളെ നയിക്കേണമേ...

പ്രതി : ദൈവമേ അങ്ങയ്ക്ക് സ്തുതിയർപ്പിക്കുന്നത് നേരുള്ളവർക്കുചിതമെന്ന ചിന്ത ഞങ്ങളിൽ നിലനിർത്തേണമേ...

പട്ടക്കാരൻ : ശബ്ദവും, നാദവും, സംഗീതവും ഞങ്ങൾക്ക് ദാനമേകിയ ദൈവമേ, നിന്റെ സ്തുതികൾ പാടുവാൻ ഞങ്ങൾക്ക് നന്ദിയുള്ള ഹൃദയം തന്നനുഗ്രഹിക്കേണമേ

പ്രതി : യഹോവയുടെ വിശ്വസ്തത എന്നേയ്ക്കുമുള്ളത്. നമ്മോടുള്ള അവന്റെ ദയ വലിയതായിരിക്കുന്നു. യഹോവയെ സ്തുതിപ്പിൻ

പട്ടക്കാരൻ : ദൈവമേ, അവിടുത്തെ ആലയത്തിലും പ്രാകാരങ്ങളിലും സ്തുതി മഹത്വങ്ങൾ പാടുന്നതിനായ് ഞങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നതിനാൽ നിനക്ക് സ്തോത്രം അർപ്പിക്കുന്നു.

പ്രതി : ദൈവമേ, നീ നല്ലവനല്ലോ, നിന്റെ മഹിമ അഗോചരവും നിന്റെ വഴികൾ അവർണ്ണനീയവും ആകുന്നു.

*(തുടർന്ന് സ്തോത്രഗീതത്തിന്റെ പല്ലവി ചേർന്നു പാടാം)*

*"സ്തുതിപ്പിൻ സ്തുതിപ്പിൻ മിശിഹായെ സ്തുതിപ്പിൻ സ്തുതി തനിക്കെന്നും ഉണ്ടാകയാമ്മേൻ."*

**മദ്ധ്യസ്ഥ പ്രാർത്ഥന** (ഓരോ പ്രാർത്ഥനയ്ക്കും ഒരു നിമിഷം മൗനമായി നിൽക്കാം)

1. സംഗീതം എന്ന മാദ്ധ്യമത്തിലൂടെ സുവിശേഷീകരണത്തിനായി യത്നിക്കുന്ന എല്ലാ സംഘടനകൾക്കായും, വ്യക്തികൾക്കായും പ്രാർത്ഥിക്കാം. ക്രിസ്തീയ ഗാനരചന നിർവ്വഹിക്കുന്നവർക്ക് വേണ്ടിയും ഈണം പകരുന്നവർക്ക് വേണ്ടിയുംസാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി, അവർ സുവിശേഷ ദർശനത്തോടും തീഷ്ണതയോടും തങ്ങളുടെ താലന്തുകൾ വിനിയോഗം ചെയ്യുന്നതിനു വേണ്ടിയും പ്രാർത്ഥിക്കാം...
2. മാർത്തോമ്മാ സഭയുടെ സംഗീതസംവേദന വിഭാഗമായ DSMCയ്ക്കായും അതിന്റെ ചുമതല വഹിക്കുന്ന അഭി. മെത്രാപ്പോലീത്താ തിരുമേനി, വൈസ് പ്രസിഡന്റ്, ഡയറക്ടർ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഓഫീസ്- അനുബന്ധ പ്രവർത്തകർ എല്ലാവർക്കായും പ്രാർത്ഥിക്കാം...
3. ആഗോളസഭയേയും പ്രത്യേകാൽ മാർത്തോമ്മാ സഭയ്ക്കായും അഭി. തിരുമേനിമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ, ദയറാക്കാർ, ആത്മീയ നേതാക്കൾ എന്നിവർക്കായും, വിശ്വാസ സമൂഹത്തിനായും പ്രാർത്ഥിക്കാം...

**സമർപ്പണ പ്രാർത്ഥന**

ദൈവമേ തിരുനാമം പാടുവാനും ഉച്ചരിപ്പാനും അയോഗ്യതയുള്ള ഞങ്ങളെ നിന്റെ വിശുദ്ധിയുടെ കനൽതൊട്ട് വിശുദ്ധീകരിക്കേണമേ. ഹൃദയനൈർമ്മല്യത്തോടെ നിനക്ക് സ്തുതി പാടുവാൻ ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിക്കുമാറാകണമേ... ആമ്മേൻ.

**സമർപ്പണ ഗാനം**

*യേശുവിൻ പിൻപെ പോകാനുറച്ചു (3)*
*പിൻമാറാതെ പിൻഗമിക്കും*

Mar Thoma Syrian Church of Malabar
Department of Sacred Music & Communications

# Sacred Music Sunday – May 27th, 2018

Worship Order (Approved by the Metropolitan)

**Call to Worship:** *" Praise the Lord, for it is good to sing praises to our God; for it is pleasant, and a song of praise is fitting" (Psalm 147:1)*
**Opening Hymn: 'All people that on earth do dwell'**
**Kauma**

**Adoration**
We magnify you Heavenly Father, the creator, sustainer and protector of heaven and Earth, for your unconditional love and wonderful purposes and decisions in our life. We humble before you O Lord, for your greatness, as you imparted the divine faith in mankind and thus lead us into abundance of life. Music is divine and in you alone the divinity of music flows. Father in your great mercy you gifted nature with melodious voice, music, rhythm and melody. You alone are worthy of all Glory and Honor. To redeem nature from the lost rhythm, Lord Jesus you fulfilled the will of the Father and humbled yourself to the cross. We praise you Jesus for the rhythmic melody and music in your redeeming love. Nothing do we have to offer except the words of humility and surrender. Shower unto us your great mercy. We acknowledge the presence and work of the divine holy spirit in midst of us. We praise you for the gift of unity and reconciliation and thus transcending unto us a new music and melody in our daily chores. We believe and give you all glory and praise. Amen.

**Prayer of confession**
For each prayer response shall be "*Lord, Do not count our sins against us*…"
1. Lord, we have misused various opportunities and talents that you have given unto us……..
2. Lord, we did not realize and use the opportunities to glorify and praise you. We failed to stand as a witness for you………
3. Lord, we desired and did many things in our life with zeal for our own name, fame and performances……
4. Lord, even though we received great responsibility to serve church, because of our irresponsible attitude, pride and ignorance we failed to show right response and responsibility……

Let us sing: ‘***Change my heart O God, Make it ever true***
***Change my heart O God, May I be like you’***

**Thanksgiving Prayer**

1. Our Lord Our God we place our trust in you. We give you thanks for the uncountable blessings showered upon us.

*Response: Lord you are always worthy to receive praise. Blessed be your holy name.*

2.Our heavenly father, you alone are the completeness of love and mercy. We thankfully remember and say whatever we have is received by your grace.

*Res: Lord, help us to always offer unto you the sacrifice of thanks*

3.Lord, you have given unto us melodious voice, tune and music. Bless us always with a thankful heart.

*Res: Great is the faithfulness of God towards us; great is thy mercy towards us. Praise the Lord.*

4.Lord, we thank you that you have appointed us to sing praises and worship in your holy temple.

*Res: Lord, you are good, great is your glory and wonderful are your ways.*

**Intercessory Prayer (**Remain silent for a few moments after each prayer.)

1. We pray for the Parish Choir, organizations and individuals who evangelize and witness You through the medium of music. We pray that they may use their gifted talent to evangelize the gospel and may have Christ centered vision.
2. We pray for the ministry of the DSMC, the President, the Metropolitan Thirumeni, Director, Managing Committee, office and technical staffs.
3. We pray for all the churches around the Globe, especially for the Mar Thoma Church. We pray for all our respected and beloved Thirumenis, priests, evangelists, gospel workers, sevinis, dayaras and all other spiritual leaders.

**Prayer of Dedication**

Lord, we are unworthy to sing unto your name. Today, we pray to touch us with your burning flames of holiness to make us holy. Lord we surrender our lives to sing for you with a pure and upright heart. Lord accept our dedication. Amen.

**Song of Dedication**

***I have decided to follow Jesus (3)***
***No turning back, no turning back. (2)***